# സ്കൂൾ അക്കാദമിക മാസ്റ്റർപ്ലാൻ

## 2025-26

## GLPS Andoor

# അടിസ്ഥാന വിവരങ്ങൾ

സ്കൂളിന്റെ പേര് : GLPS ആണ്ടൂർ

മേൽവിലാസം : ഇല്ലിക്കൽ, ആണ്ടൂർ
പാലക്കാട്ടുമല P.O, 686635

ഫോൺ : 9496465464

സ്കൂൾ കോഡ് : 45323

വിദ്യാഭ്യാസ ഉപജില്ല : കുറവിലങ്ങാട്

വിദ്യാഭ്യാസ ജില്ല : കോട്ടയം

റവന്യൂ ജില്ല : കോട്ടയം

ബി. ആർ. സി : കുറവിലങ്ങാട്

സി. ആർ. സി : മരങ്ങാട്ടുപിള്ളി

ഗ്രാമപഞ്ചായത്ത് : മരങ്ങാട്ടുപിള്ളി

ബ്ലോക്ക്പഞ്ചായത്ത് : ഉഴവൂർ

ജില്ലാപഞ്ചായത്ത് : കോട്ടയം

നിയമസഭാമണ്ഡലം : കടുത്തുരുത്തി

ലോകസഭാമണ്ഡലം : കോട്ടയം

താലൂക്ക് : മീനച്ചിൽ

വില്ലേജ് : ഇലയ്ക്കാട്

ഇ-മെയിൽ വിലാസം : glpsandoor2016@gmail.com

സ്കൂൾ വിക്കി : Govt.L.P.S Andoor.

## അക്കാദമിക ഭൗതിക നേട്ടങ്ങൾ- പരിമിതികൾ

### നേട്ടങ്ങൾ

* അക്കാദമിക പ്രവർത്തനങ്ങൾ മികച്ച രീതിയിൽ സംഘടിപ്പിക്കുന്ന മികവുറ്റ അധ്യാപക സമൂഹം
* പ്രത്യേക പരിഗണനയർഹിക്കുന്ന കുട്ടികൾക്ക് പിന്തുണയും അർഹിക്കുന്നവർക്കുള്ള വ്യക്തിഗത സപ്പോർട്ട്
* സർഗ്ഗാത്മക വേദികൾ, ആശയപ്രകടനവേദികൾ, ജനാധിപത്യ വേദികൾ എന്നിവ പ്രോത്സാഹിപ്പിക്കുന്നു.
* പാഠ്യേതര പ്രവർത്തനങ്ങൾ, ദിനാചരണങ്ങൾ- ക്വിസുകൾ, മികവുറ്റ രീതിയിൽ നടപ്പിലാക്കുന്നു.
* കാർഷിക പ്രവർത്തികൾ, ജൈവവൈവിധ്യ അന്തരീക്ഷം എന്നിവ കുട്ടികൾക്ക് പ്രധാനം ചെയ്യൽ

### പരിമിതികൾ

* മുഴുവൻ കുട്ടികൾക്കും ഭാഷാശേഷി, ഗണിതശേഷി എന്നിവ കൈവരിക്കാൻ കഴിഞ്ഞിട്ടില്ല.
* വായനയ്ക്ക് വിദ്യാലയ പ്രോത്സാഹനം നൽകുന്നുണ്ടെങ്കിലും നന്നായി പുസ്തകം വായിക്കുന്ന കുട്ടികളുടെ എണ്ണം കുറവാണ്.
* മത്സരപരീക്ഷയിൽ, പൊതുവിജ്ഞാനമേഖലയിൽ കുട്ടികളുടെ പിന്നോക്കാവസ്ഥ പരിഹരിക്കപ്പെടേണ്ടതുണ്ട്
* IT അധിഷ്ഠിത പഠനം എന്ന നിലയിലേക്ക് ക്ലാസ്റൂം പ്രവർത്തനങ്ങളൊരുങ്ങിയിട്ടില്ല.

# Academic Master Plan

# 2025-2026

English

Std : 1

# Introduction

The goal for the First Grader is to handle English fluently. The first grader must go from small words to big words. They must be able to read, write and speak English. Every child should be able to speak English fluently like Malayalam We have to keep the language English close to our heart.

The academic master plan is designed to ensure that not a single child goes illiterate.

# Objectives and Learning Outcomes

* Respond to simple instructions in the classroom
* Describe orally about the pictures and objects
* Familiarise with simple words
* Enjoy songs and sings the Rhythm and action.
* Familiarise the names of birds, animals their young ones and identifies them from pictures.

## June

* Introduce symbol words
* Provides picture words

## July

* Identify familiar words
* Say familiar words
* Read familiar words
* Write familiar words

## August

* Enjoy songs and sings them Rhythm and action
* Describes orally about pictures using adjectives

## September

* Read and write simple words and Simple sentences
* Provide picture cards and reading cards

## October

* Introduce symbol picture descriptions
* Make word chain, sentence chain

* Make riddles
* Describing words, rhyming words
* Beehive Activities

## November

* Prepare reading cards
* Provide more opportunities to read, right and Speak English
* Write five English words daily

## December

* Read and understand simple instructions in the classroom
* Encourage digital reading

## January

* Enjoy songs and sings than with Rhythm and action
* Make picture albums
* Collect pictures of animals and its young ones

## February

* Provide opportunity to express myself in the classroom
* English assembly once in a week

## March

* Speaks English fluently
* Read, write simple sentences and Picture reading & description

# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025-2026

ഗണിതം

Std: 1

# ആമുഖം

ഒന്നാം ക്ലാസിലെ കുട്ടികളുടെ സമഗ്രവികസനമാണ് ഓരോ രക്ഷിതാവും അധ്യാപകരും ലക്ഷ്യം വയ്ക്കുന്നത്. ഗണിതശാസ്ത്രത്തിന്റെ അടിസ്ഥാന സ്വഭാവങ്ങളും രീതികളും മനുഷ്യന്റെ ആവശ്യങ്ങൾക്കും സാമൂഹിക സാഹചര്യങ്ങൾക്കും അനുസരിച്ച് കാലക്രമേണ പലഘട്ടങ്ങളിലായി രൂപം കൊണ്ടവയാണ്. അക്കാദമിക നേട്ടങ്ങൾ കൈവരിക്കുന്നതിനൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാൻ ആവശ്യമായ ഇടപെടലുകളാണ് ലക്ഷ്യമിടുന്നത് സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയാറാക്കിയിരിക്കുന്നത്. ജൂൺ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും തുടർ പ്രവർത്തനസാധ്യതയുള്ളതുമായ വിവിധ പദ്ധതികൾ ഉൾപ്പെടുത്തുന്നതിന് സാധ്യത ഒരുക്കി കൊണ്ടാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയാറാക്കിയിട്ടുള്ളത്

# ലക്ഷ്യങ്ങൾ

* ഒന്നു മുതൽ അഞ്ച് വരെയുള്ള സംഖ്യകൾ എണ്ണുന്നു എഴുതുന്നു.
* അഞ്ചുവരെയുള്ള എണ്ണത്തെ പകുതി, തുല്യം, കൂടുതൽ, കുറവ് എന്നിങ്ങനെ വിശദീകരിക്കുന്നു.
* അഞ്ചുവരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു.
* ഒറ്റ സംഖ്യകൾ എണ്ണി എടുക്കുന്നു. എഴുതുന്നു വായിക്കുന്നു.
* ഒമ്പതിൽ താഴെ വരെയുള്ള വ്യത്യസ്ത സംഖ്യകളിൽ ഒരു സംഖ്യയോട് എത്ര കൂട്ടിയാൽ തന്നിരിക്കുന്ന വലിയ സംഖ്യ കിട്ടും എന്ന് കണ്ടെത്തി പറയുന്നു.
* സംഖ്യകളെ ആരോഹണ- അവരോഹണ ക്രമത്തിൽ ആക്കുന്നു
* രണ്ട് ഒറ്റസംഖ്യകളുടെ സങ്കലനം
* രണ്ട് ഒറ്റസംഖ്യകളുടെ വ്യവകലനം
* ഒന്ന് മുതൽ 20 വരെയുള്ള സംഖ്യകൾ എണ്ണുകയും എഴുതുകയും വായിക്കുകയും ചെയ്യുന്നു.
* ഒറ്റസംഖ്യപാറ്റേൺ രൂപീകരിക്കൽ
* ഓരോ സംഖ്യയും രണ്ടക്ക സംഖ്യയും ഉൾപ്പെടുന്ന ക്രിയ ഗണിത പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നതിനുള്ള കഴിവ് നേടുന്നു.

## ജൂൺ

* സംഖ്യകൾ തിരിച്ചറിയുന്നു പറയുന്നു.
* സംഖ്യാകാർഡ് നിർമ്മിക്കൽ

## ജൂലൈ

* ഗണിതപഠനത്തിന് സഹായകമായ തരത്തിൽ വസ്തുക്കൾ ഉപയോഗിച്ച് ഗണിതക്കിറ്റ് തയാറാക്കുന്നു.
* സംഖ്യാകാർഡ് തയാറാക്കുന്നു.

## ഓഗസ്റ്റ്

* ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു.
* കൂടുതൽ, കുറവ് തിരിച്ചറിയുന്നു.
* ഗണിത കിറ്റിലെ സാധനങ്ങൾ ഉപയോഗിച്ച് ഗണിത പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

## സെപ്റ്റംബർ

* സംഖ്യാഗാനങ്ങൾ ആസ്വദിക്കൽ
* ഒറ്റ സംഖ്യകൾ തമ്മിൽ സങ്കലനക്രിയകൾ നടത്തൽ
* ഒറ്റ സംഖ്യകൾ തമ്മിൽ വ്യവകലനക്രിയകൾ നടത്തൽ
* ഒന്നിനോടൊപ്പം കൂടിയാൽ മറ്റൊരു സംഖ്യ കിട്ടും എന്ന തിരിച്ചറിവ്
* സംഖ്യാഗാനങ്ങൾ അവതരിപ്പിക്കൽ

## ഒക്ടോബർ

* ഒറ്റസംഖ്യ, ഇരട്ടസംഖ്യ തിരിച്ചറിയൽ
* ഒന്നിടവിട്ട സംഖ്യകളാണ് ഒറ്റസംഖ്യ, ഇരട്ടസംഖ്യ എന്ന തിരിച്ചറിവ്
* വലിയ സംഖ്യ ചെറിയ സംഖ്യ തിരിച്ചറിയൽ
* ഗണിതമികവിനായി പ്രവർത്തനങ്ങൾ

## നവംബർ

* സംഖ്യാഗാനങ്ങൾ പാടുന്നു, ശേഖരിക്കുന്നു
* ഒറ്റക്ക, രണ്ടക്ക സംഖ്യ തമ്മിലുള്ള സങ്കലനപ്രവർത്തനങ്ങൾ

## ഡിസംബർ

* സംഖ്യകൾ ആരോഹണ അവരോഹണ ക്രമത്തിൽ എഴുതൽ
* ഗണിത ആൽബം തയാറാക്കൽ

## ജനുവരി

* ഒറ്റക്ക- രണ്ടക്കസംഖ്യ തമ്മിലുള്ള വ്യവകലന പ്രവർത്തനങ്ങൾ
* സങ്കലനം, വ്യവകലനം ചിഹ്നങ്ങൾ തിരിച്ചറിയുന്നു.
* 1 മുതൽ 10 വരെയുള്ള സംഖ്യാവ്യാഖ്യാനം

## ഫെബ്രുവരി

* ഗണിത ആൽബം പ്രദർശനം
* വിലവിവരപ്പട്ടിക, പ്രശ്ന വിശകലനപ്രവർത്തനത്തിൽ ഏർപ്പെടൽ

## മാർച്ച്

* ലളിതമായ ഗണിതക്രിയകളിൽ ഏർപ്പെടൽ
* ഗണിതമികവിനായി പ്രവർത്തനങ്ങൾ
* സംഖ്യകളുടെ പകുതി തുല്യം എന്നിവ തിരിച്ചറിയുന്നു.

# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025-2026

മലയാളം

Std: 1

# ആമുഖം

ഒന്നാം ക്ലാസിലെ കുട്ടികളുടെ സമഗ്ര വികസനമാണ് ഓരോ രക്ഷിതാവും അധ്യാപകരും ലക്ഷ്യം വയ്ക്കുന്നത്. എഴുത്ത്, വായന വിവിധ വ്യവഹാര രൂപങ്ങൾ സ്വതന്ത്രമായ പ്രതികരണങ്ങൾ ശില്പശാല സംയുക്ത ഡയറി, സചിത്ര പുസ്തകം സ്വതന്ത്ര രചനകൾ എന്നിങ്ങനെ വിവിധ മേഖലകൾ കുട്ടി കൈവരിക്കേണ്ടതാണ്. അക്കാദമിക നേട്ടങ്ങൾ കൈവരിക്കുന്നതിനൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കുട്ടി കൈവരിക്കാൻ ആവശ്യമായ ഇടപെടലുകളാണ് ലക്ഷ്യമിടുന്നത്. അക്കാദമിക മാസ്റ്റർ പ്ലാൻ വഴി ഭാഷയിലെ വിവിധതരം പ്രവർത്തനങ്ങൾ കുട്ടി സ്വയം സ്വായത്തമാക്കണം എന്നത് മുൻകൂട്ടി ഓരോ മാസവും വിവിധ പ്രവർത്തനഫലങ്ങളിലൂടെ കുട്ടിയും രക്ഷിതാവും അധ്യാപികയും ഇറങ്ങിച്ചെല്ലുന്നു. സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയാറാക്കിയിരിക്കുന്നത്. ഈ അധ്യയന വർഷത്തിൽ കുട്ടി രക്ഷിതാവ് അധ്യാപകർ മറ്റ് സഹായികൾ ഉൾപ്പെട്ടുകൊണ്ട് ജൂൺ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും തുടർ പ്രവർത്തന സാധ്യതയുള്ളതുമായ വിവിധ പദ്ധതികൾ വിലയിരുത്തുന്നതിന് സാധ്യത ഒരുക്കി കൊണ്ടാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയാറാക്കിയിട്ടുള്ളത്.

# ലക്ഷ്യങ്ങൾ

ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനും
സ്വയം വ്യവഹാര രൂപങ്ങളിൽപ്പെടാനും കഴിവുള്ളവരാക്കുക

എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യ കഥകൾ/
കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക

എല്ലാ കുട്ടികളും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ
സഹായം ഇല്ലാതെ ലഘുവാക്യങ്ങളിൽ എഴുതി പിടിപ്പിക്കുന്ന-
തിനുള്ള കഴിവ് നേടുമെന്ന് ഉറപ്പുവരുത്തുക

രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ വിവിധ
വ്യവഹാര രൂപങ്ങളിൽ ഏർപ്പെടൽ, നവമാധ്യമങ്ങളിൽ പങ്കിടൽ

ലളിതമായ വായന കാർഡുകൾ നിർമ്മിക്കുന്നു. വായിക്കുന്നു.

കുട്ടികളെ എഴുത്തിന്റെ ലോകത്തേക്ക് എത്തിക്കുന്നതിനായുള്ള
ലഘുരചന ശില്പശാലകൾ നടത്തുന്നു

ലിപികൾ തിരിച്ചറിഞ്ഞ് മറ്റുള്ളവരുടെ സഹായത്തോടെ ലഘു
കവിതകൾ, ചെറുകഥകൾ എഴുതുന്നു.

രക്ഷിതാവിന്റെയും അധ്യാപകസഹായത്തോടെ സംയുക്തഡയറി മെച്ചപ്പെടുത്തുന്നു.

ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനക്ക് അവസരം നൽകുന്നു.

സർഗ്ഗശേഷികൾ കൈവരിക്കുന്നു.

ആശയം ഗ്രഹിച്ച് മറ്റ് വ്യവഹാര രൂപങ്ങളിലേക്ക് മാറ്റുന്നതിന്
സാധ്യതകൾ ഒരുക്കുന്നു.

സ്വന്തമായി എഴുതാൻ വായിക്കാൻ ശേഷിയുള്ളവരാകുന്നു

## ജൂൺ

### പ്രവർത്തനങ്ങൾ

സചിത്ര നോട്ട്ബുക്ക്, സചിത്ര ആസൂത്രണം, അക്കാദമിക
മാസ്റ്റർ പ്ലാൻ എന്നിവ തയാറാക്കൽ
സംയുക്തഡയറി എന്ന ആശയം രക്ഷിതാക്കളെ ബോധ്യപ്പെടുത്തുക.
അക്കാദമിക മാസ്റ്റർ പ്ലാൻ അവതരണം
താളാത്മകമായി ചെറുകവിതകൾ ഏറ്റുചൊല്ലൽ

## ജൂലൈ

### പ്രവർത്തനങ്ങൾ

സംയുക്ത ഡയറി എഴുതാൻ സഹായം ഒരുക്കൽ
കുട്ടിക്ക് കഥ പറയാൻ അവസരം ഒരുക്കൽ
രക്ഷിതാവിന്റെ സഹായത്തോടെ സംയുക്ത ഡയറി എഴുതുന്നു.
ചെറിയ കഥകൾ കേൾക്കാൻ അവസരം ഒരുക്കൽ
ചിത്രവായനക്ക് അവസരം നൽകുന്നു. വാചികമായി പറയാനും
അവസരം നൽകുന്നു.

## ആഗസ്റ്റ്

### പ്രവർത്തനങ്ങൾ

ഭാഷാ വികസനത്തിന് അവസരം ഒരുക്കുന്നു
സംയുക്ത ഡയറി എഴുത്ത് തുടരുന്നു.
പാഠപുസ്തകത്തിലെ രചനകൾ ഭാവാത്മകമായി അവതരിപ്പിക്കുന്നു
ഭാവാത്മകമായ വായനയിലേക്ക് കുട്ടികളെ നയിക്കുന്നു.
ആശയ ഗ്രഹണത്തിലൂടെ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടുന്നു.

# സെപ്റ്റംബർ

## പ്രവർത്തനങ്ങൾ

സംയുക്ത ധ്വനി മെച്ചപ്പെടാൻ അവസരം നൽകുന്നു.
അനുഭവവാധിഷ്ഠിതമായ ഭാഷാപഠനം സ്വായത്തമാക്കാൻ അവസരം ഒരുക്കുന്നു.
ചെറിയ ചെറിയ വാക്യങ്ങളിലൂടെ സംയുക്ത ധ്വനി മെച്ചപ്പെടു-
വ്യക്തിഗതമായ രചനകൾക്ക് അവസരം ഒരുക്കുന്നു.

# ഒക്ടോബർ

## പ്രവർത്തനങ്ങൾ

വായനോത്സവം സംഘടിപ്പിക്കുന്നു.
ആസ്വാദ്യകരമായ വായന നടത്തുന്നു.
ചിത്രവായനക്ക് അവസരം ഒരുക്കുന്നു.
കുട്ടിക്കവിതകൾ വായിച്ചാസ്വദിച്ച് ഒറ്റക്കും സംഘമായും അവതരിപ്പിക്കുന്നു.

# നവംബർ

## പ്രവർത്തനങ്ങൾ

* സംയുക്ത ധ്വനി എഴുത്ത് കൂടുതൽ മെച്ചപ്പെടുത്തി സ്വതന്ത്ര രചയിതാക്കൾ ആകുന്നു.
* പത്രവായനക്ക് അവസരം ഒരുക്കൽ
* താളാത്മകമായി കവിത ചൊല്ലൽ
* രചനോത്സവം നടക്കുന്നു.

# ഡിസംബർ

## പ്രവർത്തനങ്ങൾ

- സംയുക്തഡയറി കുട്ടി എഴുത്ത് കൂടുതലാക്കുന്നു.
- മിത്ര വായന നടത്തുന്നു.
- ദൈനംദിന പ്രവർത്തനങ്ങളുടെടുക്കുന്ന അനുഭവങ്ങൾ തെറ്റില്ലാത്ത ഭാഷയിൽ എഴുതുന്നു.
- പരസ്പരം പിന്തുണ ഉറപ്പിച്ച് കൂട്ടെഴുത്ത് പരിപോഷിപ്പിക്കുന്നു.
- കണ്ടതും കേട്ടതുമായ കാര്യങ്ങൾ ആശയം ചോർന്നു പോകാതെ പറയാനും എഴുതാനും കഴിയുന്നു.

# ജനുവരി

## പ്രവർത്തനങ്ങൾ

- സംയുക്തഡയറിയിലെ ഓരോ കുട്ടിയുടെയും മികച്ച രചനകൾ ഡിജിറ്റൽ പോർട്ട്ഫോളിയോ സൂക്ഷിക്കുന്നു.
- * ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കാൻ അവസരം നൽകുന്നു.
- * മികവുകൾ സമൂഹത്തിനുമുമ്പിൽ പ്രകടിപ്പിക്കുന്നു.
- * കുട്ടികളുടെ സ്വതന്ത്ര രചനകൾ ചേർത്ത് കുഞ്ഞെഴുത്ത് പുസ്തകം തയാറാക്കുന്നു.
- * കുട്ടികളെ എഴുത്തിന്റെ ലോകത്തിലേക്ക് എത്തിക്കുന്നതിനുള്ള ലഘുരചന ശിൽപ്പശാല നടത്തുന്നു.

# ഫെബ്രുവരി

## പ്രവർത്തനങ്ങൾ

* കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള അവസരം ഒരുക്കൽ
* സംയുക്തഡയറി കുട്ടി എഴുത്ത് കൂട്ടുമ്പോൾ, ഓരോ കുട്ടിയുടെയും മികച്ച രചനകൾ കണ്ടെത്താൻ അവസരം ഒരുക്കൽ
* എല്ലാതലത്തിലേക്കും കുട്ടിയെ എത്തിക്കാൻ വേണ്ട പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് ഉറപ്പാക്കൽ

# മാർച്ച്

## പ്രവർത്തനങ്ങൾ

* ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ
* വീട്ടുവായന, കൂട്ടുവായന, നാട്ടുവായന, ചങ്ങല വായന, സ്വന്ത വായന ഇവയ്ക്ക് പ്രോത്സാഹനം
* കുട്ടികൾ തയാറാക്കിയ കഥകൾ, കവിതകൾ പുസ്തകരൂപത്തിൽ പ്രകാശനം ചെയ്യുന്നു.

# വിലയിരുത്തൽ പ്രവർത്തനങ്ങൾ

* കുട്ടികൾ സ്വതന്ത്രരചയിതാക്കളായി മാറിയിട്ടുണ്ട്.
* കുട്ടികളുടെ രചനകൾ ചേർത്ത് കുഞ്ഞെഴുത്ത് പുസ്തകം തയാറാക്കുന്നു.
* സംയുക്ത ഡയറി വഴി മികച്ച നേട്ടം കൈവരിക്കുന്നു.
* സചിത്രപാഠപ്രവർത്തനങ്ങൾ ക്ലാസ്സ്റൂമിൽ നടപ്പിലാക്കുന്നു.
* സർഗാത്മകശേഷി വികസനത്തിനുള്ള സാധ്യത ഉറപ്പാക്കുന്നു.

ക്ലാസ് തല -

# അക്കാദമിക മാസ്റ്റർപ്ലാൻ

ക്ലാസ് - 2

# അക്കാദമിക മാസ്റ്റർ പ്ലാൻ - ഗണിതം

## ആമുഖം

ഗണിത പഠനം രസകരവും ആസ്വാദ്യകരവുമായി കുട്ടി ഏറ്റെടുത്ത് ചെയ്യണം എന്ന ലക്ഷ്യത്തോടെയാണ് 'ഉല്ലാസ ഗണിതം' പദ്ധതി രൂപീകരിച്ചത്. ഓരോ ഗണിതാശയങ്ങളും എളുപ്പം രസകരമായും കൃത്യമായും കുട്ടി മനസ്സിൽ സ്വാംശീകരിക്കേണ്ടതുണ്ട്. ഈ ലക്ഷ്യങ്ങൾ നേടുന്നതിന് വേണ്ടി സഹായിക്കുന്ന മാർഗ്ഗരേഖയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ. ഓരോ അധ്യയന വർഷം പൂർത്തിയാകുമ്പോഴും കുട്ടി ആർജ്ജിക്കേണ്ട അറിവുകളുടെ വ്യക്തമായ ധാരണ അധ്യാപകർക്ക് ലഭിക്കുവാനും അതിനനുസരിച്ച് പഠനപ്രക്രിയകൾ ക്രമീകരിക്കുവാനും മാസ്റ്റർ പ്ലാൻ സഹായിക്കുന്നു.

## പ്രവർത്തന ലക്ഷ്യങ്ങൾ

- രണ്ടാം ക്ലാസിലെ കുട്ടിയെ 100 വരെയുള്ള സംഖ്യാബോധം, സംഖ്യകളെ വ്യാഖ്യാനിക്കാനും, സങ്കലനം, വ്യവകലനം, പ്രശ്നാപഗ്രഥനം എന്നിവ സാധ്യമാക്കുന്നതിനുള്ള ശേഷികൾ ആർജ്ജിക്കൽ.
- സംഖ്യാബോധവും ക്രിയാശേഷിയും ഏപ്പോവരിച്യം ഉറപ്പിക്കുക.
- ഗണിതക്കിറ്റ് ഉപയോഗിച്ച് ഗണിതാശയങ്ങൾ ഉറപ്പിക്കൽ
- ഒരു നിശ്ചിത സംഖ്യയിൽ നിന്ന് ക്രമമായി എണ്ണുന്നു, എഴുതുന്നു (100-ൻ താഴെ)
- ഒരു സംഖ്യയോട് മറ്റൊരു സംഖ്യ കൂട്ടിയാൽ വ്യത്യസ്തത്തിൽ ഉത്തരങ്ങൾ കൈവരിക്കാൻ ആശയം എന്ന മേഖലയിൽ എത്തിച്ചേരൽ
- പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കുക. വ്യത്യസ്ത രീതിയിൽ പ്രയോജനപ്പെടുത്തൽ

[illegible]

## മുന്നൊരുക്കം

* കുട്ടി കൈവരിച്ച ഗണിതാശയങ്ങൾ തിരിച്ചറിയുന്നതിനാവശ്യമായ തിരിച്ചറിയൽ പ്രവർത്തനങ്ങൾ നടത്തുന്നു.

## ജൂൺ

* 1, 2, 3, 4 ....
  1, 3, 5, 7 ....
  10, 20, 30, 40 ....
  5, 10, 15, 20 ....
  2, 4, 6, 8 .... തുടങ്ങിയ പാറ്റേണുകളിലെ സംഖ്യാബോധം കണ്ടെത്താൻ
* ഒരു സംഖ്യയോട് 1 കൂട്ടുമ്പോൾ തൊട്ടടുത്ത സംഖ്യയും, 1 കുറച്ചാൽ തൊട്ട് മുമ്പുള്ള സംഖ്യയും കിട്ടും എന്ന തിരിച്ചറിവ് ഉണ്ടാക്കൽ

## ജൂലൈ

[illegible]

* ഒരു കൂട്ടം വസ്തുക്കളോട് അതേ ഇനത്തിൽ പെട്ട മറ്റൊരു കൂട്ടം വസ്തുക്കൾ ചേർത്ത് ആദ്യ കൂട്ടത്തിന്റെ തുടർച്ചയായി എണ്ണി ആകെ എണ്ണം പറയൽ
* ഗണിതകിറ്റ് എല്ലാ കുട്ടികളിലും ഉറപ്പാക്കൽ
* പത്തിന്റെയും ഒന്നിന്റെയും കൂട്ടങ്ങൾ ചേർത്ത് രണ്ടക്ക സംഖ്യകൾ രൂപീകരിക്കാൻ
  (5+5=10, 10+10=20, 10+3=13 ....)

## ആഗസ്റ്റ്

* വിവിധ പാറ്റേണുകൾ രൂപീകരിക്കാൻ
* സംഖ്യകളുടെ പ്രത്യേകതകൾ കണ്ടെത്താൻ
* 99-നോട് 1 കൂട്ടിയാൽ 100
  10 പത്തുകൾ ചേർന്നാൽ 100 ആകും
  100 ഒന്നുകൾ ചേർന്നതാണ് 100

* ഓരോ സംഖ്യകളേയും പ്രായോഗിക ഗണിതങ്ങളിൽ ഉൾപ്പെടുത്തുക.

## സെപ്റ്റംബർ

* ഗണിതകിറ്റിലെ സാധനങ്ങൾ നിരത്തി പ്രായോഗിക പ്രശ്നം പരിഹരിക്കൽ
* വിലവിവരപ്പട്ടിക തയ്യാറാക്കൽ
* ക്ലാസിലൊരുകട, സ്കൂളിലൊരു കട
ഗണിതാശയങ്ങൾ പ്രായോഗികരീതിയിൽ ഉറപ്പിക്കൽ

## ഒക്ടോബർ

* രണ്ടക്ക സംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ
* സങ്കലന - വ്യവകലനക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ
* സംഖ്യാപാറ്റേണുകൾ രൂപീകരിക്കൽ.
പാറ്റേണിലെ സംഖ്യകൾക്ക് തമ്മിൽ നിശ്ചിത ബന്ധമുണ്ടെന്ന് കണ്ടെത്തൽ, പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ
* 5 ... 10 ... 15 ... 20 ... (5 വീതം കൂടിയാൽ പ്രശ്ന-വിശകലനം ചെയ്യാം)

## നവംബർ

* സ്ഥാനവില തിരിച്ചറിയൽ (ഒന്ന്, പത്ത്)
* പ്രായോഗിക പ്രശ്നപരിഹാരത്തിനായി കളിനോട്ടുകൾ പേപ്പർ മുഖേന വെട്ടി തയ്യാറാക്കി സംഖ്യ എഴുതൽ
* 'ക്ലാസിനൊരു കട'യിലൂടെ പ്രശ്നം നിർധാരണം ചെയ്യൽ
* നോട്ടുകളും നാണയങ്ങളും തിരിച്ചറിയൽ, കൂട്ടിച്ചേർത്ത് സംഖ്യ രൂപീകരിക്കൽ. (10 രൂപ + 5 രൂപ = 15 രൂപ)

## ഡിസംബർ

* സംഖ്യാബോധം തിരിച്ചറിവിൽ - സംഖ്യാവ്യാഖ്യാനം ഉറപ്പാക്കൽ
* സ്ഥാനവില പ്രശ്നം പരിഹരിക്കുന്നതിനായി സ്ഥാനവില പോക്കറ്റ്, അബാക്കസ് എന്നിവ നിർമ്മിക്കൽ
* രണ്ടക്കസംഖ്യകളുടെ തുക കണ്ടെത്തുന്നതിനായി വ്യത്യസ്ത രീതികൾ ഉപയോഗിക്കുന്നു.

## ജനുവരി

* വിലവിവരപ്പട്ടിക തയ്യാറാക്കൽ, വിവരങ്ങൾ ക്രോഡീകരിച്ച് പട്ടികപ്പെടുത്തൽ, പട്ടികയിലെ വിവരങ്ങൾ കണ്ടെത്തി പറയൽ, പ്രശ്നം നിർധാരണം ചെയ്ത് തുക കണ്ടെത്തൽ
* സങ്കലനവ്യവകലന ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യൽ
*

## ഫെബ്രുവരി

* ഗണിതപഠനം ആസ്വാദ്യകരമാക്കാൻ ഇടവേളകളിൽ ഗണിതലാപനം നടത്തൽ (ഗണിതകവിതകൾ)
* ഉല്ലാസഗണിതം മെറ്റീരിയൽസ് ഉപയോഗിച്ച് ഗണിതപ്രശ്നങ്ങൾ പരിഹരിക്കൽ. ഗണിതപഠനം കളിരീതിയിൽ ഉറപ്പാക്കി വിജയം കൈവരിക്കൽ.

## മാർച്ച്

* കലണ്ടർ, പതിപ്പ് തയ്യാറാക്കൽ
* കലണ്ടറിൽ ചുവന്ന അക്കങ്ങളും കറുത്ത അക്കങ്ങളും തിരിച്ചറിയൽ. മാസത്തിൽ ദിവസങ്ങളുടെ വ്യത്യാസം കണ്ടെത്തൽ
* കലണ്ടർ സംഖ്യാബന്ധങ്ങൾ, പാറ്റേണുകൾ രൂപീകരിക്കൽ
* കലണ്ടർ നോക്കി സംഖ്യകൾ താരതമ്യം ചെയ്യൽ
* ഗണിതാശയങ്ങൾ പ്രായോഗിക പ്രശ്നത്തിലൂടെ കൈകാര്യം ചെയ്യാൻ പ്രാപ്തരാകുക.

## [illegible]

### ആമുഖം

[illegible]

### പ്രവർത്തന ഘട്ടങ്ങൾ

- [illegible]
- [illegible]
- [illegible]
- [illegible]
- [illegible]
- [illegible]

## മുന്നൊരുക്കം

- ▶ പ്രീടെസ്റ്റ് നടത്തുന്നു. എല്ലാ തലങ്ങളിൽ ഉള്ള കുട്ടികളെയും കണ്ടെത്തുന്നു.
- ▶ കുട്ടികളുടെ നിലവിലുള്ള അവസ്ഥ, കഴിവുകൾ, പരിമിതികൾ എന്നിവ CPTA നടത്തി എല്ലാ മാസവും മാതാപിതാക്കളെ അറിയിക്കുകയും പരിഹാരം ലഭ്യമാക്കുകയും ചെയ്യുന്നു.

## ജൂൺ

* ചിത്രകാർഡുകൾ നൽകൽ (ചിത്രവും പദവും ചേർത്തൊണ്ട്)
* ഭാഷണത്തിൻ ക്ലാസിൽ അവസരമൊരുക്കൽ
* വായനാ സാമഗ്രികൾ നിർമ്മിക്കൽ
* വായനയും എഴുത്തും വികസിപ്പിക്കാനുള്ള തന്ത്രങ്ങൾ വികസിപ്പിക്കൽ

## ജൂലൈ

* ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത ഉറപ്പാക്കുന്നു
* സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി എന്നിവ സജ്ജീകരിക്കുന്നു.
* ഭാഷയുമായി ബന്ധപ്പെട്ട ICT സാധ്യത ഉറപ്പാക്കുന്നു

## ആഗസ്റ്റ്

* ക്ലാസ് ലൈബ്രറി പ്രവർത്തനക്ഷമമാക്കൽ
* രക്ഷിതാക്കളുടെ സഹായം ഉറപ്പുവരുത്തൽ
* വീട്ടു ലൈബ്രറി ഒരുക്കൽ
* ചിത്ര വിവരണം
* വായന ഉയർന്ന തലത്തിൽ എത്തിച്ച് വ്യത്യസ്ത വ്യവഹാരരൂപങ്ങൾ ഉണ്ടാക്കുന്നു.

## സെപ്റ്റംബർ

* വായിച്ചറിഞ്ഞ കഥയെ ചിത്രീകരിക്കൽ
* വായിച്ച കഥയിൽ നിന്ന് സംഭാഷണം ഒരുക്കൽ
* വായിച്ച കഥയിൽ നിന്ന് ചോദ്യങ്ങൾ ഉണ്ടാക്കൽ.
* വായിച്ച കഥാരംഗങ്ങൾക്ക് രംഗാവിഷ്കാരം ചെയ്യൽ

## ഒക്ടോബർ

* കേട്ടതോ വായിച്ചതോ ആയ കഥകൾ, സംഭാഷണങ്ങൾ എന്നിവ സ്വന്തം ഭാഷയിൽ വാചികമായി അവതരിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കൽ
* വിവിധ തരത്തിലുള്ള പതിപ്പ് തയ്യാറാക്കൽ.
  ഉദാ: ആന
  വലിയ ആന
  കറുത്ത വലിയ ആന

## നവംബർ

* കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം കൊടുക്കുന്നു.

## ഡിസംബർ

* ഭാഷയുടെ വിവിധ തലങ്ങളിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു
* ലേഖനപ്രവർത്തനങ്ങളിൽ ഏർപ്പെട്ട് വ്യക്തിഗത മാസികകൾ തയ്യാറാക്കാൻ അവസരം ഒരുക്കുന്നു.

## ജനുവരി

* വരികൾ കൂട്ടിച്ചേർത്ത് പാടുന്നതിനും എഴുതുന്നതിനുള്ള അവസരം ഒരുക്കുന്നു (കവിതാ പൂരണം)
* ലഘു വിവരണങ്ങൾ, പ്രത്യേകതകൾ എഴുതുന്നതിനും വായിക്കുന്നതിനുള്ള അവസരം ഒരുക്കൽ.

## ഫെബ്രുവരി

* എല്ലാ മേഖലയിലും കുട്ടികളെ എത്തിക്കാൻ സാധിച്ചു എന്നതിന് ഉദാഹരണങ്ങൾ (ഭാഷണം, ലേഖനം)
* കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള ശേഷി വളർത്തൽ.

## മാർച്ച്

* വ്യക്തിഗത രചനയെ പ്രോത്സാഹിപ്പിക്കൽ
* ഇൻലന്റ് മാഗസിൻ ഓരോ കുട്ടിയും തയ്യാറാക്കൽ
* ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ, കൈയെഴുത്ത് മാസിക, മാഗസിനുകൾ തയ്യാറാക്കൽ.
* വീട്ടുവായന, കൂട്ടുവായന, നാട്ടുവായന, അമ്മവായന, ചിത്രവായന ഇവയെ പ്രോത്സാഹിപ്പിക്കൽ.
* ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി ശക്തമാക്കൽ.

# ACADEMIC MASTERPLAN - ENGLISH

## Aim

To speak, read and write English without any mistakes.

## Time

June, July, August.

## JUNE

* Pretest
* To develop listening skills and reading skills

→ Listening Skills.

Games, Action songs, conversations, skit stories

Use ICT

→ Speaking skills

Descriptions, growing sentences, picture reading, picture description, self introduction, Assembly activities - speech, book review, quiz, riddles, self introduction, School radio etc..

## JULY & AUGUST

→ Reading skills

News paper reading, Library books reading, book review, reading news, collect and read past Tense, rhyming words, describing words. etc.., Textbook activities

→ Writing skills

Make word webs, picture description, word chain, sentense chain, make words & Make sentences, make riddles, conversations, Add more lines, develop story, description, notices,

proclamation, diary, letter, announcement, magazines

## SEPTEMBER - NOVEMBER

→ **Reading skills**

story reading, rhyming words, describing words, relationship words, Text book reading.

→ **Writing Skills**

Relationship words, conversation, describing words. (tall- short, big-small, fat-lean etc), thoughts, can- can't, picture description, arrange the events in a story in order, noteee, poster, puzzle, add more lines

→ **Speaking skills**

Using can-can't, using describing words.

മാസ്റ്റർ പ്ലാൻ

# പരിസരപഠനം

CLASS - III

## ആമുഖം -

കുട്ടികളിൽ അന്തർലീനമായിരിക്കുന്ന വ്യക്തിഗത പ്രവർത്തനങ്ങളിൽ തന്നെയാണ് കൂടുതൽ സാധ്യത ഒരുക്കേണ്ടത്. പരിസരപഠനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകുന്ന പ്രവർത്തനങ്ങൾ കണ്ടെത്തേണ്ടതുണ്ട്. പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് കുട്ടികളിൽ ശാസ്ത്രീയ മനോഭാവം വളർത്തേണ്ടത് നമ്മുടെ കടമയാണ്. സഹജീവി സ്നേഹം, അറിവ്, ആർദ്രത, സഹിഷ്ണുത, അനുകമ്പ, ദയ എന്നിങ്ങനെയുള്ള മനോഭാവങ്ങൾ വളർത്തി കുട്ടികളെ ഉത്തമ പൗരൻമാരാക്കി മാറ്റുക.

## ലക്ഷ്യം :

→ പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക.
→ കുട്ടികളെ വ്യക്തി ശുചിത്വവും, പരിസര ശുചിത്വവും ഉള്ളവരാക്കി മാറ്റുക.
→ ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും, താൽപര്യവും വളർത്തുക.
→ പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങളിലേർപ്പെട്ട ശാസ്ത്രീയ മനോഭാവം വളർത്തുക.

## പ്രവർത്തന പദ്ധതികൾ

### ജൂൺ - ജൂലായ്

→ പ്രീടെസ്റ്റ്
→ അവലോകനം
→ പ്രകൃതി നടത്തം
→ ചുറ്റുമുള്ള ജീവജാലങ്ങളെ നിരീക്ഷണം
→ പ്രത്യേകതകൾ മനസിലാക്കൽ

→ വിവിധ ആവാസ വ്യവസ്ഥകൾ അടുത്തറിയാം
→ ജീവികളുടെ പരസ്പരാശ്രയത്വം – ചർച്ച
→ സ്കൂൾ, പച്ചക്കറി തോട്ടം നിർമ്മാണം (പരിസ്ഥിതി ദിനം)
→ പരിപാലനം
→ വൃക്ഷത്തൈ നടൽ
→ നട്ട വൃക്ഷത്തൈ പരിപാലിക്കൽ
→ പരിസര മലിനീകരണം (ചർച്ച) പരിസര മലിനീകരണം
ജില്ല മലിനീകരണം
→ പരിസ്ഥിതി സംരക്ഷണ പ്രതിജ്ഞ

ജൂലായ് – സെപ്തംബർ

→ ദിന കൃത്യങ്ങൾ
→ ഓരോ ദിനവും പ്രഭാത കൃത്യങ്ങൾ കഴിഞ്ഞേ സ്കൂളിൽ വരാവൂ എന്ന ബോധം ക്ലാസ് ചർച്ചയിലൂടെ ഉറപ്പിക്കുന്നു.
→ ദിവസ പരിശോധന പുതലക്ക് ഗ്രൂപ്പുകളാക്കുന്നു.
→ ക്ലാസ് തലത്തിൽ ശുചിത്വ മത്സരം
→ വ്യക്തി ശുചിത്വം, ക്ലാസ്റൂം, പരിസര ശുചിത്വം എന്നിവ അടിസ്ഥാനപ്പെടുത്തി മാർക്ക് നൽകുന്നു.
→ നല്ല ശീലം പോസ്റ്ററുകൾ തയ്യാറാക്കുന്നു.
→ പരിസരങ്ങളിൽ പതിക്കുന്നു.

ഒക്ടോബർ – ഡിസംബർ

→ ഫീൽഡ് ട്രിപ്പ്
→ നമ്മുടെ നാടിനെ പരിസ്ഥിതിയെ അടുത്തറിയാനായി ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു. (കുളം, വയൽ, പുഴ)
→ പ്രകൃതി സംരക്ഷണ പോസ്റ്റർ തയ്യാറാക്കുക.
→ പരിസരങ്ങളിൽ പതിക്കുന്നു.

ജനുവരി - മാർച്ച്

-> ശാസ്ത്ര കൗതുകം വളർത്തുന്ന പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു.

-> വിദഗ്ധ ശാസ്ത്ര അധ്യാപകന്റെ സേവനം ലഭ്യമാക്കുന്നു.

-> പക്ഷി നിരീക്ഷണത്തിന് അവസരം

-> പച്ചക്കറിത്തോട്ടത്തിൽ കിളികൾക്ക് ദാഹജലം സജ്ജീകരണം.

Class - III

# മാസ്റ്റർ പ്ലാൻ

## മലയാളം

### ലക്ഷ്യങ്ങൾ

പാഠ്യപദ്ധതി ലക്ഷ്യങ്ങളുടെ പൂർത്തീകരിച്ച് എന്റെ കുട്ടികൾ എല്ലാവരും.

* സംഘപ്രവർത്തനങ്ങളിലേർപ്പെട്ട് ജനാധിപത്യമൂല്യങ്ങൾ സ്വാംശീകരിക്കും, അവ വിവിധ സന്ദർഭങ്ങളിൽ ഉചിതമായി പ്രയോഗിക്കും.
* കവിതകളും പാട്ടുകളും ആശയ വ്യക്തതയോടെ താളാത്മകമായി ചൊല്ലി അവതരിപ്പിക്കും.
* രചനകൾ ഭാവാത്മകമായി വായിക്കും.
* ആസ്വദിച്ച ഭാഷാഘടകങ്ങൾ (കഥ, കവിത, നാടൻപാട്ട്, കടങ്കഥ, പഴഞ്ചൊല്ല് ... മുതലായവ) ഹൃദിസ്ഥമാക്കുകയും പുതിയ സന്ദർഭങ്ങളിൽ ഉചിതമായി പ്രയോഗിക്കുകയും ചെയ്യും.
* ലഘുവായ സർഗാത്മക രചനകൾ നടത്തും. (കഥ, കവിത, ഡയറി, ചിത്രം)
* കഥകളെയും കവിതകളെയും മറ്റും നാടകം, പാവനാടകം, ചിത്രീകരണം, റീഡേഴ്സ് തിയേറ്റർ ഇണങ്ങിയ രീതികളിൽ ആവിഷ്കരിക്കും.
* ലളിതമായ ആശയങ്ങൾ വ്യക്തതയോടെ എഴുതി ആവിഷ്കരിക്കും [വിവരണം, സംഭാഷണം]

ഇതിനായി ഞാൻ നടത്തുന്ന മുന്നൊരുക്കങ്ങൾ:

ജൂൺ – ജൂലായ്

1. കനകച്ചിലങ്ക

• നാടൻപാട്ടുകൾ ശേഖരണം [വായ്ത്താരികൾ ഉള്ളത്]

* പഴഞ്ചൊല്ലുകൾ ശേഖരണം.
* കഥാശേഖരം - ക്ലാസ് ലൈബ്രറി നവീകരണം (നാ...
* നാടൻ പാട്ടിലെയും കവിതയിലെയും താളം [കവിത ചൊല്ലൽ]
* കലോത്സവം [നാടൻ കലകളുടെ അവതരണ ശില്പശാല]
* കടങ്കഥകൾ ശേഖരണം - കടങ്കഥ പാട്ടുകൾ - കടങ്കഥ പ...
കടങ്കഥപ്പയറ്റ്
* കഥകളിയിലെ കേമൻ - കലാകാരനെ പരിചയപ്പെടാം - അഭിമുഖസംഭാഷണം.
* കലാരൂപങ്ങൾ വേഷവിധാനം - ചിത്രശേഖരണം - ആൽബം.
* പാവനാടകത്തെ അടുത്തറിയാം - ശില്പശാല.

---

ആഗസ്റ്റ് - സെപ്തംബർ

2. പലഹാരപ്പൊതി

* കുട്ടികൾ വരച്ച ചിത്രങ്ങളുള്ള പുസ്തകങ്ങൾ ലൈബ്രറിയിൽ ഒരുക്കിവയ്ക്കൽ
* ക്ലാസ് ലൈബ്രറിയിൽ കുട്ടിക്കഥകൾ ഒരുക്കിവയ്ക്കൽ
* നാടക ശില്പശാല
* റോൾപ്ലേ അവതരണങ്ങൾ
* ആഹാരവുമായി ബന്ധപ്പെട്ട പാട്ടുകൾ ശേഖരണം.
* പലഹാരമേള - പാചകക്കുറിപ്പ് തയ്യാറാക്കൽ
* കത്തുകൾ മാതൃകകൾ
* ഹരിതകർമ്മസേന അംഗങ്ങളുമായി അഭിമുഖം
* സ്കൂൾ പത്രം
* വിമല വിദ്യാലയം ശുചിത്വ പരിപാടി തയ്യാറാക്കൽ.

സി.പി.ടി.എ ഒന്നാം വിശകലനം

* നാടോടിക്കഥകളുടെ അവതരണം
* നാടൻപാട്ടുകളുടെ അവതരണം
* പഠനാടകം അവതരണം

ഒക്ടോബർ

3 മനുഷ്യന്റെ കൈകൾ

* കൃഷിയിടം സന്ദർശനം
* കൃഷിപ്പാട്ടുകൾ കൃഷിചൊല്ലുകൾ അവതരണം
* കുട്ടിക്കളികൾ :- കുട്ടിക്കാലത്തെ കളി അനുഭവങ്ങൾ വിവരണം, പതിപ്പ്
* നാടൻ പാട്ട് ശില്പശാല

ആഗസ്റ്റ് മാസം

കഥാവായന, കഥാവതരണം - ക്ലാസിൽ അവസരമൊരുക്കുന്നു. റീഡേഴ്സ് തിയേറ്റർ.

ക്ലാസ് ലൈബ്രറിയിൽ കഥാ പുസ്തകങ്ങൾ വിപുലീകരിക്കുന്നു. CPTA യിൽ കുട്ടികളുടെ പഠനത്തെളിവുകളുടെ പ്രദർശനം.

സെപ്തംബർ മാസം

ഒന്നാം ടേമിലെ രചനകൾ ഉൾപ്പെടുത്തി ക്ലാസ് തല പതിപ്പ് നിർമ്മാണം.

സർഗ ചുവർ

കുട്ടികളുടെ രചനകൾ പ്രദർശിപ്പിക്കുന്നതിന് സ്ഥിര സംവിധാനം. കുട്ടികൾക്ക് അവർ രൂപപ്പെടുത്തുന്ന സർഗാത്മക സൃഷ്ടികൾ, കഥ, കവിത, ചിത്രം എന്നിവ പ്രദർശിപ്പിക്കുന്നു.

## ഒന്നാം ടേമിലെ ലക്ഷ്യങ്ങൾ

* മുന്നറിവ് പരിശോധിച്ച് തുടർ പ്രവർത്തനങ്ങൾ ഒരുക്കൽ.
* എല്ലാ കുട്ടികൾക്കും ഫലപ്രദമായി വായിക്കാനും എഴുതാനും ഉള്ള ശേഷി വികസിപ്പിക്കൽ.
* ഭാഷാ പഠന പ്രവർത്തനങ്ങൾ ഫലപ്രദമായി ചെയ്യലും പഠന ലക്ഷ്യമുറപ്പിക്കലും.

## നടത്തുന്ന പ്രവർത്തനങ്ങൾ

### ജൂൺ മാസം.

പ്രീ ടെസ്റ്റ് നടത്തുന്നു. ഇതിനായി പ്രത്യേക ടൂൾ തയ്യാറാക്കുന്നു. തുടർന്നുള്ള പ്രവർത്തനം [വായന, ലേഖനം] നൽകുന്നു.
CPTA കൂടുന്നു. [ഇതിനായി പ്രത്യേക മൊഡ്യൂൾ തയ്യാറാക്കുന്നു]
ക്ലാസ് ലൈബ്രറി ഒരുക്കുന്നു.
പാഠങ്ങൾക്ക് ആവശ്യമായ മെറ്റീരിയൽസ് ലിസ്റ്റ് ഉണ്ടാക്കുന്നു.

### ജൂലായ് മാസം

വായന കാർഡുകൾ തയ്യാറാക്കൽ - ശില്പശാല - രക്ഷിതാക്കൾ. വായനാമൂല മെച്ചപ്പെടുത്തൽ - പഠനത്തിന്റെ ഭാഗമായി. [illegible] ഉപയോഗിക്കൽ. പാഠഭാഗത്തെ സർഗാത്മക രചനാ സാധ്യതകൾ കണ്ടെത്തി ക്ലാസ് മുറിയിൽ പ്രയോഗിക്കൽ.

ബാലസഭയിൽ ക്ലാസ് മുറിയിൽ രൂപപ്പെട്ട ആവിഷ്കാര പ്രകടന രൂപങ്ങളുടെ അവതരണം.

class - III

# ഗണിതം

അനുഭവിച്ച് പഠിക്കാൻ കഴിഞ്ഞാൽ എളുപ്പത്തിൽ മനസ്സിലാക്കാൻ കഴിയുന്ന വിഷയമാണ് ഗണിതം. പ്രവർത്തനങ്ങളുടെ കളികളുടെയും സർഗാത്മക പ്രവർത്തനങ്ങളുടെയും കൂട്ടി ചേർത്തുകൊണ്ടാണ് ഗണിതപഠനം ഒരു രീതിയിലാണ് മൂന്നാം ക്ലാസിൽ അവതരിപ്പിക്കുന്നത്. കുട്ടികളുടെ താല്പര്യവും ജിജ്ഞാസയും വളർത്താൻ ഉതകുന്ന വിധം പ്രവർത്തനങ്ങൾ ക്രമപ്പെടുത്തിയിട്ടുണ്ട്. യുക്തിചിന്ത, വിശകലനാത്മക ചിന്ത, പ്രശ്നപരിഹാരം എന്നി ശേഷികൾ കുട്ടികളിൽ രൂപപ്പെടുത്തുന്നതിന് ജ്യാമിതി സഹായകമാണ്. അമൂർത്തമായ ആശയങ്ങൾ കൈകാര്യം ചെയ്യുന്നതിന് ജ്യാമിതി പ്രയോജനപ്രദമാണ്. സ്ഥല പരവും ദിശാ പരവുമായ വിവരങ്ങൾ കൈകാര്യം ചെയ്യുന്നതിലും ജ്യാമിതി വളരെ പ്രധാന പങ്കുവഹിക്കുന്നുണ്ട്.

ഒരക്കം മുതൽ മൂന്നക്കം വരെയുള്ള സംഖ്യകളെ കുട്ടികൾ ഇതിനോടകം തന്നെ പരിചയപ്പെട്ടിട്ടുണ്ട്. 2000 വരെയുള്ള സംഖ്യകൾ പറയുക, വായിക്കുക, എഴുതുക എന്നി ശേഷികൾ നേടാനും നിത്യ ജീവിതത്തിലെ ഭാഗമായി നാണയങ്ങളും നോട്ടുകളും കൈകാര്യം ചെയ്യേണ്ടി വരുന്ന പ്രായോഗിക സന്ദർഭങ്ങളിൽ അത് ഉപയോഗപ്പെടുത്താനും മൂന്നാം ക്ലാസിലെ ഗണിത പഠനം ലക്ഷ്യം വെക്കുന്നു.

നിത്യജീവിത സന്ദർഭങ്ങളിലെ മൂന്നക്ക സംഖ്യകളുടെ സങ്കലന ക്രിയ ഉൾക്കൊള്ളുന്ന പ്രായോഗിക പ്രശ്നങ്ങൾ വിശകലനം ചെയ്ത് നിർധാരണം ചെയ്യുന്നതിനുള്ള ശേഷി കൈവരിക്കുന്നതിന് മൂന്നാം ക്ലാസിൽ ലക്ഷ്യമിടുന്നു. രണ്ട് മൂന്നക്ക സംഖ്യകളുടെ സങ്കലന ക്രിയ ചെയ്യുന്നതിനുള്ള

വ്യത്യസ്ത വഴികൾ പരിചയപ്പെടാനും സാധാ... സാരണ സംഖ്യകളെ സ്ഥാന വിലക്ക് അനുസ... പിരിച്ചെഴുതി സങ്കലനക്രിയ ഉപയോഗിച്ച് നിർ... ചെയ്യാനും ലക്ഷ്യമിടുന്നു. മന ഗണിതത്തിനു പ്രാധാ... നൽകിയുള്ള പ്രവർത്തനങ്ങളെ സാധ്യതകളും ഉൾപ്പെടുത്തിയിട്ടുണ്ട്.

നീളം അളക്കുന്നതിനുള്ള ഏകകങ്ങളായ സെന്റീമീറ്റർ, മീറ്റർ എന്നിവ പരിചയപ്പെടുത്തുന്നതിന് അവസരം ഒരുക്കിയിരിക്കുന്നു. സ്കെയിൽ, ടേപ്പ് എന്നിവ ഉപയോഗിച്ച് നീളം കൃത്യമായി അളക്കാൻ ധാരാളം അവസരമാണ് കുട്ടികൾക്ക് ഒരുക്കുന്നത്. ഈ യൂണിറ്റുകൾ തമ്മിലുള്ള പരസ്പര ബന്ധം കണ്ടെത്താൻ പ്രായോഗിക പ്രശ്നങ്ങളുടെ നിർദ്ധാരണത്തിലൂടെ അവസരം ഒരുക്കിയിട്ടുണ്ട്. അളവുകൾ ഊഹിച്ച് പറയുന്നതിനും നീളം കൃത്യമായി അളക്കുന്നതിനും ധാരാളം അവസരം ഉണ്ട്.

9 വരെ സംഖ്യകളുമായി ബന്ധപ്പെട്ട ഗുണന വസ്തുതകൾ സംബന്ധിച്ച ധാരണ കൈവരിക്കുന്നതിന് ലക്ഷ്യമിടുന്നു. പ്രായോഗിക പ്രശ്നങ്ങളും യൂണിറ്റിൽ അവതരിപ്പിക്കുന്നു. ഗുണന ചിന്തയോടൊപ്പം ഹരണ ചിന്ത വളർത്തുന്ന പ്രവർത്തനങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.

---

## ജൂൺ - ജൂലായ്

---

യൂണിറ്റ് – 1 - രൂപങ്ങൾ വരയ്ക്കാം.

- ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയൽ
- ചതുരം, വൃത്തം, ത്രികോണം എന്നീ രൂപങ്ങൾ തിരിച്ചറിഞ്ഞ് തരംതിരിക്കൽ.

- തോരണം നിർമാണം, തോണി നിർമാണം (കളർ A4)
- വെജിറ്റബിൾ പ്രിന്റിംഗ്
- ചതുരം, വട്ടം, ത്രികോണം എന്നി രൂപങ്ങൾ ചേർത്ത വച്ച് ഇഷ്ടമുള്ള രൂപങ്ങൾ കുട്ടികൾ നിർമ്മിക്കുന്നു.

ജൂലായ് - ആഗസ്റ്റ്

- ഓരോ കുട്ടിക്കും കണക്കുപെട്ടി, ഗണിത ശിൽപശാല നിർമ്മിക്കേണ്ടതാണ്.
- 1 മുതൽ 100 വരെ എഴുതിയ ടോക്കൺ
- കളിനോട്ടുകൾ
- ഓരോ നോട്ടുകളും 10 എണ്ണം വീതം
- കമ്പ് കെട്ടുകൾ
- സംഖ്യ സ്ട്രിപ്പുകൾ
- അബാക്കസ് നിർമാണം.

ആഗസ്റ്റ് - സെപ്തംബർ

പ്രായോഗിക പ്രശ്നങ്ങളുടെ നിർധാരണം.

ഒക്ടോബർ

സ്കെയിൽ നിർമാണം

കുട്ടികളുടെ ഉയരം, തൂക്കം, വണ്ണം, ഗ്രാഫ്

നവംബർ - ഡിസംബർ

ഗുണന വസ്തുത കാർഡ് നിർമ്മാണം.

Academic Master plan  Class - III

# English

Aim : To speak, Read & write english without any mistakes.

Time - June to March

## Pretest

To check the vocabulary and writing skills of pupils.

## June and July

- To develop listening skills & Reading skills.

- Listening skills

1- Games, Actions Songs, Hello English Activities.
2- Conversations, skit, stories use ICT.

- Speaking skills

1.- Identify the naming words from the picture.
2- Identify the action words from the same pictures.
3- Make simple sentences using the action word and naming words about the picture.
4- Make symbol description about the picture.
5- Growing sentences, picture reading, self introduction Assembly are also conducted.

Activites

speech, book review, quiz riddles, self introduction school radio etc.

August and September

Develop the creative speaking and writing

Reading Skills

1- News paper reading, library books reading, bo[ok] review, reading braaking news.

2- find words

3- collect and read past tense.

4- rhyming words

5- describing words etc.

6- Textbook activities.

Writing Skills

1- Make word web,

2- picture description with describing words.

3. word chain sentence chain

4- Make words & sentences

5- make riddles, conversations

6- Add more lines.

Activities -

Speech, book review, quiz riddles, self-introduction. School ~~radio~~ radio, make description magazines etc.

October and November

To express thoughts feeling etc

Reading skill

1- News paper reading, library books reading, books review, reading

2- conversations, skit, stories use ICT materials.

3- Reads breaking news

4- develop story

5- Read notice

Writing Skill

1- description

2- notice proclamation

3- thought

Activities

Speech, quiz, riddles, school radio, make magazine-skit etc.

---

December and January

1- develop the creative speaking and writing

2- To express thoughts feelings etc.

Reading Skill

1- News paper reading, library books reading, book review, reading

2- conversations, skit, stories use ICT m

3- Reads breaking news

4- develop story

5- Reads diary

6- Reads letters from friends.

Writing skills

1- diary

2- letter

3- Announcement.

Activities

Speech, quiz, riddles, school radio, make magazines, skit, ~~etc~~ class room, post office, etc.

—

February and march

To improve the presentation power.

Reading skill

1- News paper reading, library books reading, book review, reading

2- conversations, skit stories use ICT materials

3- Reads breaking news.

4- develop story.

5- Read diary

6- Reads letters from friends

## Writing Skills

1- diary
2- letter
3- Announcement
4- description
5- notice proclamation
6- Thought

### Activities

Speech, quiz, riddles, school radio, makes magazines, skits, classroom post office, exhibition-etc.

# അക്കാദമിക മാസ്റ്റർ പ്ലാൻ

## std - IV

ലക്ഷ്യം - നാലാം ക്ലാസിലെ കുട്ടികൾക്ക് ഭാഷയിലും, ഗണിതത്തിലും, പരിസരപഠനത്തിലും, ഇംഗ്ലീഷിലും സമഗ്രവും ആസ്വാദ്യകരവുമായ പഠനം ഉറപ്പുവരുത്തുക. ഓരോ കുട്ടിയുടെയും വ്യക്തിഗത കഴിവുകൾ തിരിച്ചറിഞ്ഞ് അവ പരിപോഷിപ്പിക്കുക

മലയാളം

1. ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം നൽകി മുന്നോട്ട് കൊണ്ടുവരൽ

സമയം - ജൂൺ മുതൽ മാർച്ച് വരെ
മേഖല - വായന
പ്രവർത്തനം

കുട്ടികളുടെ നിലവാരം അറിയുന്നതിനുവേണ്ടി പ്രീടെസ്റ്റ് (ജൂൺ)

അക്ഷരം ഉറപ്പിക്കൽ

ചിഹ്നങ്ങളുറപ്പിക്കൽ

അക്ഷര കാർഡ്, ചിഹ്നങ്ങൾ ചേർക്കൽ

വാക്കുകൾ വായിക്കൽ (ജൂൺ)

കഥാപുസ്തകം വലിയ അക്ഷരമുള്ളത്. കൊടുക്കുന്നു. വായിക്കുന്നു.

വായനക്കൂട്ടം

പത്രവായന (എല്ലാ ദിവസവും)

വിദ്യാരംഗം, സർഗവേള, ബാലസഭ എന്നിവ സ്കൂളിൽ നടത്തുന്നു.

എഴുതാം രസിക്കാം. (ജൂൺ - മാർച്ച്)

വായനക്കുറിപ്പ്

ആസ്വാദനക്കുറിപ്പ്

പാഠഭാഗങ്ങളിൽ നിന്നും പഠനപ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ എഴുത്തിലൂടെ ഉറപ്പിക്കൽ

കണ്ടറിയാം കേട്ടറിയാം.

അറിവ് ഡോക്യുമെന്ററിയിലൂടെ നേടൽ (ICT)

പാഠഭാഗവുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ പ്രദർശിപ്പിക്കൽ.

തൊട്ടറിയാം.

നാടൻ ഭക്ഷണങ്ങൾ പരിചയപ്പെടൽ (വർഷത്തിലൊരിക്കൽ)

ഭക്ഷ്യമേള.

പാചകക്കുറിപ്പുകളുടെ പതിപ്പ് നിർമ്മാണം

ഓർക്കാം- ആദരിക്കാം - സാഹിത്യകാരന്മാരെ അടുത്തറിയൽ

ഓർമദിനങ്ങൾ ആചരിക്കൽ

കളിക്കൂട്ട്.

പാഠഭാഗവുമായി ബന്ധപ്പെട്ട കളികൾ നേടിയറിയൽ / ഡോക്യുമെന്ററിയിലൂടെയുള്ള അറിവ് നേടൽ.

കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രദർശനം.

കലാവതരണം, സർഗ്ഗോത്സവം.

ഗണിതം.

ചതുഷ്ക്രിയകൾ ലളിതമാക്കൽ (ഗണിതപഠനം രസകരമാക്കൽ)

(വർഷം മുഴുവനും)

വിവിധ തരത്തിലുള്ള കളികൾ ആസൂത്രണം ചെയ്ത് നടപ്പാക്കൽ

ഏണിയും പാമ്പും

കച്ചവടക്കളി

ഡയസ് കളി

ഒറിഗാമിയിലൂടെ പഠിക്കാം (കരചലനശേഷി വികാസം)

നിർമ്മാണ പ്രവർത്തനം

ഗണിതലാബ് വഴി ഗണിത പഠനം സാധ്യമാക്കൽ

(വർഷം മുഴുവനും)

ഗണിതാശയങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ

(വർഷം മുഴുവനും)

ഗണിതശേഷികളുടെ പ്രകടനം (വർഷത്തിലൊന്ന്

ഗണിതമേള
പ്രശ്നോത്തരി
പസിൽ
പാറ്റേൺ
പഠനോൽപ്പന്നങ്ങൾ

English

To speak read and write without mistakes

To develop listening skills and reading skills.

Listening skills

Games, Action songs
Conversations, skit, stories.

Use ICT.

Speaking skills.

Descriptions, growing sentences.
picture reading picture description

Assembly activities, speech, book review quiz riddles, self introduction, etc.

Reading skills

News paper reading, liberary books reading, rhyming words, Text book activities.

Writing skills

Make word web, picture description riddles conversations, Addmore lines develop story, description diary letter Announcement, Magazines.

## പരിസരപഠനം

പ്രകൃതി നിരീക്ഷണം - നേരിട്ട് നിരീക്ഷണം

പ്രകൃതി നടത്തം.

പാഠഭാഗവുമായി ബന്ധപ്പെട്ട് ഫീൽഡ് ട്രിപ്പുകൾ

സംഘടിപ്പിക്കൽ

ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കൽ

ശാസ്ത്ര മേള - ശാസ്ത്ര പഠനത്തിനാവശ്യമായ

സാമഗ്രികൾ ഒരുക്കൽ, പരീക്ഷണങ്ങൾ

സംഘടിപ്പിക്കൽ

ശാസ്ത്ര പഠനത്തിൽ താൽപര്യം ജനിപ്പിക്കൽ

അന്വേഷണ ത്വര വളർത്തൽ

ശാസ്ത്രയാത്ര.

വാനനിരീക്ഷണകേന്ദ്രം

സയൻസ് പാർക്ക്

ഭൂപട വായന, ഭൂപട രചന, സൂചിക

ഭൂപടമൊരുക്കൽ പരിചയപ്പെടൽ

ഭൂപട പരിചയപ്പെടൽ

സൂചിക നിർമ്മാണം

കളങ്ങൾ ഉപയോഗിക്കൽ

ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ

പ്രയോഗം

ശാസ്ത്രോത്സവം

പഠന ഉൽപ്പന്നങ്ങളുടെ പ്രദർശനം പതിപ്പ്

ചാർട്ട്, ആൽബം, പരീക്ഷണം

അറിവുകളുടെ രചന . ശാസ്ത്ര മാസിക.